**പതിമൂന്നാം കേരള നിയമസഭ**

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2011–2014)

## ഒൻപതാമത് റിപ്പോർട്ട്

(30-1-2014-ന് സമർപ്പിച്ചത്)

(മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ സംബന്ധിച്ച്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
## (2011–2014)

### ഒൻപതാമത് റിപ്പോർട്ട്

(മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ സംബന്ധിച്ച്)

313/2014.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : | | |
| 1. സമിതിയുടെ ശിപാർശകളും നിർദ്ദേശങ്ങളും | .. | 13 |
| 2. പട്ടികജാതി പട്ടികവർഗ്ഗ റസിഡൻഷ്യൽ സൊസൈറ്റി നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ | .. | 16 |

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വി. പി. സജീന്ദ്രൻ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
" കെ. അജിത്
" ഐ. സി. ബാലകൃഷ്ണൻ
" കോവൂർ കുഞ്ഞുമോൻ
" പുരുഷൻ കടലുണ്ടി
" സി. കെ. സദാശിവൻ
" എൻ. ഷംസുദ്ദീൻ
" വി. ശശി
" വി. എം. ഉമ്മർ മാസ്റ്റർ
" കെ. വി. വിജയദാസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
" റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി
" രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി
" റ്റി. എം. രത്നാകരൻ, അണ്ടർ സെക്രട്ടറി.

## ആമുഖം

മെച്ചപ്പെട്ട അടിസ്ഥാന വിദ്യാഭ്യാസം ഉറപ്പുവരുത്തിയാൽ മാത്രമേ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങളിലെ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുവാൻ കഴിയുകയുള്ളൂ എന്ന വസ്തുത അംഗീകരിച്ചു കൊണ്ട്, സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ പുരോഗതി ലക്ഷ്യമാക്കി ആരംഭിച്ചിട്ടുള്ള വിവിധ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ സന്ദർശിച്ച് നടത്തിയ തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2014 ജനുവരി മാസം 13-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,
*ചെയർമാൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2014 ജനുവരി 13.

# റിപ്പോർട്ട്

## മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

സാമൂഹ്യമായും സാമ്പത്തികമായും പിന്നിലായിപ്പോയ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനവിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിരവധി ക്ഷേമ പ്രവർത്തനങ്ങൾ നടത്തി വരുന്നു. അടിസ്ഥാന വിദ്യാഭ്യാസം ഉറപ്പാക്കിക്കൊണ്ടു മാത്രമേ പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ രാജ്യത്തിന്റെ വികസന പന്ഥാവിലൂടെ നയിക്കുവാനും അതുവഴി അവർക്ക് മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കാനും കഴിയുകയുള്ളൂ. ഈ വസ്തുത ഉൾക്കൊണ്ടുകൊണ്ട് പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാർ മുൻകൈ എടുത്ത് പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ആവശ്യമായ പഠന സൗകര്യങ്ങൾ ഒരുക്കുന്നതിനായി പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക്, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പരക്കെ സ്ഥാപിക്കുകയുണ്ടായി. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളെകുറിച്ച് പഠിക്കുന്നതിന് കേരള നിയമസഭയിലെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി നടത്തിയ സന്ദർശനത്തിലും തെളിവെടുപ്പ് യോഗങ്ങളിലും വച്ച് വിവിധ ജില്ലകളിലെ ജില്ലാതല ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും, ഒട്ടുമിക്ക മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ സന്ദർശിക്കകുയും ചെയ്തു. അപ്രകാരം സമിതി നടത്തിയ ചർച്ചകളുടേയും സന്ദർശനങ്ങളുടേയും തെളിവെടുപ്പുകളുടേയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2. സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് പബ്ലിക് സ്കൂൾ മാതൃകയിൽ റസിഡൻഷ്യൽ സൗകര്യത്തോടുകൂടി ആരംഭിച്ചിട്ടുള്ളവയാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 18 മോഡൽ റസിഡൻഷ്യൽ/ആശ്രമം സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഡോക്ടർ അംബേദ്കർ ജന്മശതാബ്ദി വർഷമായി ആരംഭിച്ച 1989-90 വർഷത്തിൽ പട്ടികവർഗ്ഗക്കാരുടെയും പ്രാചീന ഗോത്രവർഗ്ഗക്കാരുടെയും കുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രത്യേക പരിഗണന നൽകുന്നതിനുവേണ്ടി 1990-91-ൽ കട്ടേല (തിരുവനന്തപുരം), നല്ലൂർനാട് (വയനാട്) എന്നിവിടങ്ങളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുകയുണ്ടായി. മലപ്പുറം ജില്ലയിലെ മഞ്ചേരി, വയനാട് ജില്ലയിലെ നൂൽപ്പുഴ, തിരുനെല്ലി, പാലക്കാട് ജില്ലയിലെ മലമ്പുഴ എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന നാല് സ്കൂളുകൾ പ്രാക്തനഗോത്രവർഗ്ഗക്കാർക്കായി ആരംഭിച്ചിട്ടുള്ളവയാണ്. കേരള പട്ടികജാതി പട്ടികവർഗ്ഗ റസിഡൻഷ്യൽ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ നിയന്ത്രണത്തിലാണ് ഇവ പ്രവർത്തിക്കുന്നത്. സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് 100 ശതമാനം കേന്ദ്ര സഹായം ലഭിക്കുന്നവയെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നും 50% കേന്ദ്ര സഹായം ലഭിക്കുന്നവയെ ആശ്രമം സ്കൂളുകളെന്നും കേന്ദ്രസർക്കാർ തരംതിരിച്ചിട്ടുണ്ട്.

3. സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്ന പ്രകാരമാണ്:

| *നമ്പർ* | *സ്കൂളിന്റെ പേര്* | *ജില്ല* | *കെട്ടിടം* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ഡോക്ടർ അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, കട്ടേല, ശ്രീകാര്യം (പെൺകുട്ടികൾ) | തിരുവനന്തപുരം | സ്ഥിരം |
| 2 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, പുനലൂർ, കുളത്തൂപ്പുഴ (ആൺകുട്ടികൾ) | കൊല്ലം | താല്ക്കാലികം |
| 3 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, വടശ്ശേരിക്കര, പത്തനംതിട്ട (ആൺകുട്ടികൾ) | പത്തനംതിട്ട | സ്ഥിരം |
| 4 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഈരാറ്റുപേട്ട, കോട്ടയം (പെൺകുട്ടികൾ) | കോട്ടയം | വാടക |
| 5 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, മൂന്നാർ (ആൺകുട്ടികൾ) | ഇടുക്കി | സ്ഥിരം |
| 6 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, ചാലക്കുടി (പെൺകുട്ടികൾ) | തൃശ്ശൂർ | സ്ഥിരം |
| 7 | സൈലന്റ്‌വാലി മോഡൽ റസിഡൻഷ്യൽ സ്കൂൾ, മുക്കാലി പി.ഒ., അട്ടപ്പാടി (പെൺകുട്ടികൾ) | പാലക്കാട് | സ്ഥിരം |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂൾ, പൂക്കോട്, വയനാട് (ആൺകുട്ടികളും പെൺകുട്ടികളും) | വയനാട് | താല്ക്കാലികം |
| 9 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, കൽപ്പറ്റ, വയനാട് (പെൺകുട്ടികൾ) | വയനാട് | താല്ക്കാലികം |
| 10 | ഡോക്ടർ അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, നല്ലൂർനാട്, മാനന്തവാടി (ആൺകുട്ടികൾ) | വയനാട് | സ്ഥിരം |
| 11 | ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഇടുക്കി, പൈനാവ് (ആൺകുട്ടികളും പെൺകുട്ടികളും) | ഇടുക്കി | താല്ക്കാലികം |
| 12 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, കണ്ണൂർ, പട്ടുവം (ആൺകുട്ടികൾ) | കണ്ണൂർ | സ്ഥിരം |
| 13 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, പരവനടുക്കം, കാസർഗോഡ് (പെൺകുട്ടികൾ) | കാസർഗോഡ് | സ്ഥിരം |
| 14 | ഡോക്ടർ അംബേദ്കർ വിദ്യാനികേതൻ മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഞാറനീലി (ഇംഗ്ലീഷ് മീഡിയം) (സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എഡ്യുക്കേഷൻ), ഇലഞ്ചിയം | തിരുവനന്തപുരം | സ്ഥിരം |

| (1) | (2) | (3) | (4) |
|---|---|---|---|
| 15 | ശ്രീമതി ഇന്ദിരാ ഗാന്ധി മെമ്മോറിയൽ ആശ്രമം സ്കൂൾ, നിലമ്പൂർ ജവഹർ കോളനി (ആൺകുട്ടികളും പെൺകുട്ടികളും) | മലപ്പുറം | സ്ഥിരം |
| 16 | ശ്രീ. രാജീവ് ഗാന്ധി മെമ്മോറിയൽ ആശ്രമ മോഡൽ റസിഡൻഷ്യൽ സ്കൂൾ, നൂല്പുഴ, കല്ലൂർ, സുൽത്താൻ ബത്തേരി | വയനാട് | സ്ഥിരം (പൂർണ്ണമായില്ല) |
| 17 | ആശ്രമ മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, മലമ്പുഴ, പാലക്കാട് | പാലക്കാട് | താല്ക്കാലികം |
| 18 | ആശ്രമ മോഡൽ റസിഡൻഷ്യൽ സ്കൂൾ, തിരുനെല്ലി, മാനന്തവാടി | വയനാട് | താല്ക്കാലികം |

4. അഞ്ചാം ക്ലാസ്സു മുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി പട്ടികജാതി വകുപ്പിന് കീഴിൽ 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. അവയെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| *ജില്ല* | *സ്കൂൾ* | *വിഭാഗം* | *സ്വന്തം/ വാടക കെട്ടിടം* | *ആരംഭിച്ച വർഷം* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| ആലപ്പുഴ | എം.ആർ.എസ്., പുന്നപ്ര | പെൺകുട്ടികൾ | സ്വന്തം | 2000 |
| ഇടുക്കി | പീരുമേട് | പെൺകുട്ടികളും ആൺകുട്ടികളും | സ്വന്തം | 2001 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| എറണാകുളം | ആലുവ | ആൺകുട്ടികൾ | സ്വന്തം | 1997 |
| തൃശ്ശൂർ | തിരുവില്ല്വാമല | ആൺകുട്ടികൾ | സ്വന്തം | 2000 |
| തൃശ്ശൂർ | ചേലക്കര | പെൺകുട്ടികൾ | വാടക | 2010 |
| പാലക്കാട് | കുഴൽമന്ദം | ആൺകുട്ടികൾ | സ്വന്തം | 2010 |
| പാലക്കാട് | തൃത്താല | പെൺകുട്ടികൾ | സ്വന്തം | 1997-98 |
| കോഴിക്കോട് | ഉള്ള്യേരി | ആൺകുട്ടികൾ | വാടക | 2002-03 |
| കാസർഗോഡ് | നടക്കാവ് | ആൺകുട്ടികൾ | സ്വന്തം | 2001-02 |

5. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളും ജില്ലാ പട്ടികജാതി പട്ടികവർഗ്ഗ ഓഫീസുമായി ബന്ധപ്പെട്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുടെ ഗൈഡ്‌ലൈൻ അനുസരിച്ചാണ് നടക്കുന്നതെന്ന് സമിതി മനസ്സിലാക്കി. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 28-4-2010-ലെ സ.ഉ. (എംഎസ്.) നമ്പർ 47/2010 പജ.പവ.വിവ. പ്രകാരം മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകളിലെ നിയമന രീതിയും ശമ്പള സ്കെയിലും ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനുള്ള ചുമതലയും വ്യക്തമാക്കിയിട്ടുണ്ട്. ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ റസിഡൻഷ്യൽ സൊസൈറ്റിയെയാണ് നിയോഗിച്ചിരിക്കുന്നത്. ഇതനുസരിച്ച് നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ഈ റിപ്പോർട്ടിന്റെ അനുബന്ധം '2' ആയി ചേർത്തിരിക്കുന്നു.

6. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും പഠിക്കുന്നതിനുമായി സമിതി, 10-10-2012-ൽ തിരുവനന്തപുരം, 29-10-2012-ൽ കോഴിക്കോട്, 21-11-2012, 22-11-2012 എന്നീ തീയതികളിൽ കാസർഗോഡ്, 19-8-2013, 20-8-2013 എന്നീ തീയതികളിൽ പത്തനംതിട്ട, 3-9-2013, 4-9-2013 എന്നീ തീയതികളിൽ കൊല്ലം, 20-11-2013, 21-11-2013 എന്നീ തീയതികളിൽ ഇടുക്കി എന്നീ ജില്ലകൾ സന്ദർശിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും അതോടൊപ്പം ചില മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ സന്ദർശിക്കുകയും ചെയ്തു.

**ഡോക്ടർ അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, കട്ടേല, ശ്രീകാര്യം, തിരുവനന്തപുരം**

7. പെൺകുട്ടികൾക്കു മാത്രമായി തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യത്തിന് സമീപം കട്ടേലയിൽ ആരംഭിച്ച ഈ സ്കൂളിൽ 5-ാം ക്ലാസു മുതൽ പ്ലസ് ടുവരെ മൊത്തം 347 കുട്ടികൾ പഠിക്കുന്നു. അതിൽ പ്ലസ് ടുവിന് മാത്രം 141 കുട്ടികൾ പഠിക്കുന്നുണ്ട്. 26 അദ്ധ്യാപകരും 25 അനദ്ധ്യാപകരും ഉൾപ്പെടെ 51 ജീവനക്കാർ പ്രസ്തുത സ്കൂളിൽ ജോലി നോക്കുന്നുണ്ട്.

8. പ്ലസ് ടു-വിന് സയൻസും കോമേഴ്സും ഗ്രൂപ്പുകളാണ് ഉള്ളത്. സ്കൂളിൽ 100% വിജയം ഉണ്ടെന്നും രക്ഷകർത്താക്കൾ ശനിയാഴ്ചകളിൽ സ്കൂളിൽ എത്തി കുട്ടികളുടെ പഠന നിലവാരം വിലയിരുത്താറുണ്ടെന്നും പാഠ്യേതര വിഷയങ്ങൾക്കും സ്പോർട്ട്സിനും പ്രത്യേകം അദ്ധ്യാപകരുണ്ടെന്നും കഴിഞ്ഞവർഷം രണ്ട് കുട്ടികൾക്ക് സ്റ്റേറ്റ് ലെവലിൽ ക്രാഫ്റ്റ്സിന് അവാർഡ് ലഭിച്ചിട്ടുണ്ടെന്നും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പാറ്റേൺ അനുസരിച്ചുള്ള അദ്ധ്യാപകരുടെ സേവനമാണ് സ്കൂളിൽ ലഭിക്കുന്നതെന്നും യു.പി. ക്ലാസ്സുകളിൽ ഹൈസ്കൂൾ അദ്ധ്യാപകരാണ് ക്ലാസ്സുകൾ എടുക്കുന്നതെന്നും ഒൻപത്, പ്ലസ് വൺ എന്നീ ക്ലാസ്സുകളിലെ കുട്ടികളെ വർഷത്തിൽ ഒരിക്കൽ വിനോദയാത്രയ്ക്ക് കൊണ്ടുപോകാറുണ്ടെന്നും എല്ലാ വർഷവും ഡിസംബർ മാസത്തിൽ പട്ടികവർഗ്ഗ വകുപ്പ് സംഘടിപ്പിക്കുന്ന 'സംഗമം' എന്ന പരിപാടിയുടെ ഭാഗമായി മറ്റ് എം.ആർ.എസ്. സ്കൂളുകളിലെ വിദ്യാർത്ഥികളെ ഇവിടെയും, ഇവിടെയുള്ള വിദ്യാർത്ഥികളെ മറ്റ് എം.ആർ.എസ്.-കളിലും കൊണ്ടുപോകാറുണ്ടെന്നും സ്കൂൾ അധികൃതരിൽ നിന്നും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. അംഗീകൃത മെനു അനുസരിച്ചുള്ള ഭക്ഷണമാണ് കുട്ടികൾക്ക് കൊടുക്കുന്നത്. 1997-നുശേഷം ഹോസ്റ്റൽ മെയിന്റനൻസ് നടത്തിയിട്ടില്ല. സിന്റക്സ് ടാങ്കിൽ ശേഖരിക്കുന്ന വെള്ളം ഹോസ്റ്റൽ ആവശ്യങ്ങൾക്ക് അപര്യാപ്തമാണ്. പാചകക്കാരുടെ പത്ത് പോസ്റ്റുകളിൽ നാലെണ്ണം ഒഴിഞ്ഞുകിടക്കുകയാണ്.

9. മുന്നൂറ് രൂപ ദിവസവേതനാടിസ്ഥാനത്തിൽ 3 പാചകക്കാരും സ്ഥിരം ജീവനക്കാരായ 3 പാചകക്കാരുമാണുള്ളത്. മുന്നൂറ് രൂപയ്ക്ക് 24 മണിക്കൂറും ജോലി ചെയ്യുവാൻ ദിവസവേതനക്കാർ തയ്യാറാകാത്തതിനാൽ അവരുടെ വേതനം 600 രൂപയാക്കി ഉയർത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും സ്കൂൾ അധികൃതർ ആവശ്യപ്പെട്ടു. ഗ്യാസിന് വില വർദ്ധിപ്പിച്ചതിനാൽ ഒരു മാസം മുപ്പതിനായിരം രൂപ അധികമായി ചെലവഴിക്കേണ്ടിവരുന്നു. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ സബ്സിഡിയില്ലാതെയാണ് ഗ്യാസ് സിലിണ്ടർ വിതരണം ചെയ്യുന്നത്. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് യഥാക്രമം 1,300, 1,500 രൂപയാണ് പ്രതിമാസം ഭക്ഷണത്തിനായി അനുവദിച്ചിട്ടുള്ളത്. ഈ തുക പര്യാപ്തമല്ലെന്നും ആയതിനാൽ മെസ് ചാർജ് വർദ്ധിപ്പിച്ചുനൽകുന്നതിനും ഗ്യാസിന്റെ വില മെസ് ചാർജിൽനിന്നും ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സ്ക്കൂൾ അധികൃതർ സമിതിയോട് ആവശ്യപ്പെടുകയുണ്ടായി. സ്കൂളിന് സ്വന്തമായി ഒരു ക്ലാർക്കില്ലെന്നും എസ്.റ്റി. വകുപ്പിലെ ഒരു ക്ലാർക്കിന്റെ സേവനം മാത്രമാണ് ലഭിക്കുന്നതെന്നും ആയതിനാൽ സ്കൂളിന് സ്വന്തമായി ഒരു ക്ലാർക്കിനെ നിയമിക്കാൻ നടപടി സ്വീകരിക്കണമെന്നും അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസുവരെ ഇംഗ്ലീഷ് പഠിപ്പിക്കുവാൻ ഒരു അദ്ധ്യാപിക മാത്രമാണ് ഉള്ളതെന്നും എം.ആർ.എസ്.-ന്റെ ടീച്ചേഴ്സ് പാറ്റേൺ ഏകീകരിക്കണമെന്നും സ്കൂളിന് സ്വന്തമായി വാഹനം അനുവദിക്കണമെന്നും സ്കൂൾ അധികൃതർ സമിതിയോട് ആവശ്യപ്പെട്ടു.

10. ഹോസ്റ്റലിൽ മാനേജർ-കം-റെസിഡൻസ് ട്യൂട്ടറും രണ്ട് ആയമാരുമുണ്ടെങ്കിലും ആയമാർ ഹോസ്റ്റലിൽ കുട്ടികൾക്കൊപ്പമല്ല താമസിക്കുന്നതെന്നും ഹോസ്റ്റലിൽ സെക്യൂരിറ്റി സ്റ്റാഫ് ഉണ്ടെന്നും സമിതിയെ അറിയിച്ചു. രണ്ട് ഫുൾ-ടൈം സ്വീപ്പേഴ്സും രണ്ട് പാർട്ട്-ടൈം സ്വീപ്പേഴ്സും ഉള്ള പ്രസ്തുത സ്കൂളിൽ കൂടുതൽ സ്വീപ്പേഴ്സിനെ അനുവദിക്കണമെന്നും സ്കൂൾ അധികൃതർ ആവശ്യപ്പെട്ടു.

11. കഴിഞ്ഞ വർഷം പന്ത്രണ്ടാം ക്ലാസ്സ് പാസ്സായ ഏഴ് കുട്ടികൾക്ക് ബി.ടെക്ക്-ന് അഡ്മിഷൻ കിട്ടിയതായും മെഡിസിന് ആർക്കും അഡ്മിഷൻ കിട്ടിയിട്ടില്ലെന്നും ശനി, ഞായർ ദിവസങ്ങളിൽ 'ടാന്റം' എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നുള്ള അദ്ധ്യാപകർ കുട്ടികൾക്ക് എൻട്രൻസ് കോച്ചിംഗ് കൊടുക്കുന്നു എന്നും സമിതി മനസ്സിലാക്കി. ഹോസ്റ്റലിൽ പ്ലസ് ടു വിദ്യാർത്ഥികളും താഴ്ന്ന ക്ലാസ്സിലെ വിദ്യാർത്ഥികളും ഒരുമിച്ചാണ് താമസിക്കുന്നതെന്നതിനാൽ പ്ളസ് ടു വിദ്യാർത്ഥികൾക്ക് പ്രത്യേക ഹോസ്റ്റലിന് പ്രൊപ്പോസൽ കൊടുത്തിട്ടുണ്ടെന്നും സ്കൂൾ അധികൃതർ സമിതിയെ അറിയിച്ചു. സീസണൽ ഫ്രൂട്ട്സ് കുട്ടികൾക്ക് കൊടുക്കുന്നുണ്ടെങ്കിലും സീസണൽ ഫ്രൂട്ട്സ് വാങ്ങുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ അതിനായി അനുവദിച്ചിരിക്കുന്ന തുക വർദ്ധിപ്പിക്കേണ്ടതാണെന്ന് സമിതി മുമ്പാകെ അറിയിച്ചു. അതുപോലെ ഹൈസ്കൂൾ കുട്ടികൾക്ക് പോക്കറ്റ് മണിയായി 75 രൂപയും പ്ലസ് ടു വിദ്യാർത്ഥികൾക്ക് 100 രൂപയും അനുവദിച്ചിട്ടുണ്ടെങ്കിലും ഒരു മാസം ഏകദേശം പതിനഞ്ച് കുട്ടികൾക്ക് പലവിധത്തിലുള്ള ചികിത്സ നൽകേണ്ടിവരുന്നതിനാൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്നും അധികൃതർ സമിതിയെ ബോദ്ധ്യപ്പെടുത്തി. സ്കൂളിന് സ്വന്തമായി ലൈബ്രറി ബിൽഡിംഗ് പണിതുകൊണ്ടിരിക്കുകയാണ്. ലൈബ്രറിയിൽ പുസ്തകം വാങ്ങുന്നതിന് 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കി. കൂടാതെ സ്കൂളിന്റെ ഗേറ്റ് മാറ്റുന്നതിനും ബെഡ് വാങ്ങുന്നതിനും അനുമതി ലഭിച്ചിട്ടുണ്ടെന്നും അഞ്ചുമുതൽ എട്ടുവരെ ക്ലാസ്സിലെ കുട്ടികൾ ഡോർമിറ്ററിയിലാണ് താമസിക്കുന്നതെന്നും സമിതിക്ക് ബോധ്യപ്പെട്ടു.

12. അഡ്മിഷൻ കിട്ടിയ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ച് പോവുകയാണെങ്കിൽ മറ്റൊരു കുട്ടിയുടെ അവസരം നഷ്ടപ്പെടുന്നതിനാൽ റ്റി.സി. നൽകുന്നതിന് ഡയറക്ടറുടെ പ്രത്യേക ഉത്തരവ് ആവശ്യമാണെന്ന് സ്കൂൾ അധികൃതർ സമിതിയെ അറിയിച്ചു. എല്ലാ സൗകര്യങ്ങളും ഉള്ള ഹോസ്റ്റലിൽ സിക്ക് റൂം ഉണ്ടെന്നും ഒരു മുറിയിൽ 5 കുട്ടികളാണുള്ളതെന്നും ഓരോ മുറിയിലും അഞ്ച് കട്ടിലും മേശയും കസേരയുമുണ്ടെന്നും നാപ്കിൻ വെൻഡിംഗ് മെഷീൻ ഹോസ്റ്റലിൽ സ്ഥാപിച്ചിട്ടുണ്ടെന്നും സ്കൂൾ അധികൃതർ സമിതിയെ അറിയിച്ചു. കുടിവെള്ളത്തിന്റെ പ്രശ്നം പരിഹരിക്കണമെന്നും ഗ്രൗണ്ട് വികസിപ്പിക്കണമെന്നും വിദ്യാർത്ഥിനികൾ സമിതിയോട് ആവശ്യപ്പെട്ടു.

13. ഊട്ടിയിലെ റസിഡൻഷ്യൽ സ്കൂളിന്റെ മാതൃകയിൽ 1990-91-ൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ച സംസ്ഥാനത്തെ ആദ്യത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഒന്നായ തിരുവനന്തപുരത്തെ കട്ടേല ഡോ. അംബേദ്കർ മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂളിൽ, അദ്ധ്യാപകർക്ക് താമസിക്കുന്നതിനായി പണി കഴിപ്പിച്ച ക്വാർട്ടേഴ്സിൽ മൂന്ന് അദ്ധ്യാപകർ മാത്രമാണ് താമസിക്കുന്നതെന്നും, ഹെഡ്മാസ്റ്റർ ദിവസവും പോയിവരികയാണെന്നും, മറ്റ് ക്വാർട്ടേഴ്സുകൾ ഉപയോഗശൂന്യമായി കിടക്കുന്നുവെന്നും സമിതി മനസ്സിലാക്കി. അദ്ധ്യാപകർ

കുട്ടികളോടൊപ്പം താമസിച്ച് കുട്ടികളെ പഠിപ്പിക്കണം എന്ന ലക്ഷ്യത്തോടെ സ്ഥാപിച്ച മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അദ്ധ്യാപകർ ക്വാർട്ടേഴ്സിൽ താമസിക്കണമെന്ന ഗവൺമെന്റ് ഉത്തരവിനെക്കുറിച്ച് പൊതുവിദ്യാഭ്യാസ വകുപ്പുവഴി നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്ക് അറിവില്ലായെന്നാണ് സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചത്. ആയതിനാൽ കുട്ടികളോടാപ്പം അദ്ധ്യാപകർ താമസിക്കണമെന്ന നിബന്ധന കർശനമായി പാലിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

14. സ്കൂൾ ആരംഭിച്ചപ്പോൾ ഉണ്ടായിരുന്ന വിവിധ സൗകര്യങ്ങൾ ഇപ്പോൾ നിലവിലില്ലെന്നും, ഹോസ്റ്റൽ മെയിന്റനൻസിനാവശ്യമായ ഫണ്ട് ലഭിച്ചിട്ടും പൊതുമരാമത്ത് വകുപ്പ് മെയിന്റനൻസ് നടത്തിയിട്ടില്ലെന്നും സമിതി കണ്ടെത്തുകയുണ്ടായി. വാർഷിക ഫണ്ട് യഥാസമയം ലഭിച്ചിട്ടും അറ്റകുറ്റപ്പണികൾ നടത്താത്തത്, ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന കുറ്റകരമായ അനാസ്ഥയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മെയിന്റനൻസ് പണി യഥാസമയം ചെയ്യിപ്പിക്കുന്നതിനുള്ള വീഴ്ച ഉണ്ടായത് ആരുടെ ഭാഗത്താണെന്ന് കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ സ്കൂളിന്റെ മെയിന്റനൻസ് അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. സ്കൂളിന്റെ ഒരു ഭാഗത്ത് ലൈബ്രറി കെട്ടിടത്തിന്റെ നിർമ്മാണം നടന്നു വരുന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. എം. പി. ഫണ്ടിൽനിന്നു അനുവദിച്ച തുക ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം പണികൾ നടന്നു വരുന്നതായി സ്കൂൾ അധികൃതർ സമിതിയെ അറിയിച്ചു. പ്രസ്തുത ലൈബ്രറി കെട്ടിടത്തിന്റെ പണി അടിയന്തിരമായി പൂർത്തിയാക്കാൻ പൊതുമരാമത്ത് വകുപ്പ് പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

15. 1990-91 കാലഘട്ടത്തിൽ ഹൈസ്കൂളായി ആരംഭിച്ച കട്ടേല മോഡൽ റസിഡൻഷ്യൽ സ്കൂൾ 1997-98 അദ്ധ്യയനവർഷത്തിൽ സയൻസ്, കോമേഴ്സ് എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തി ഹയർ സെക്കന്ററി സ്കൂളായി ഉയർത്തപ്പെട്ടുവെങ്കിലും അധികമായി എത്തിച്ചേർന്ന കുട്ടികൾക്കുള്ള താമസ സൗകര്യം ഏർപ്പെടുത്തിയിരുന്നില്ലെന്ന് സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. ആയതിനാൽ ഹയർ സെക്കന്ററി തലത്തിലുള്ള വിദ്യാർത്ഥികൾക്കായി പ്രത്യേക ഹോസ്റ്റലും മറ്റ് അനുബന്ധ സൗകര്യങ്ങളും അടിയന്തിരമായി നിർമ്മിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16. എട്ട് ഏക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന സ്കൂളിന്റെ ചില ഭാഗങ്ങളിൽ ചുറ്റുമതിലില്ലെന്ന് ശ്രദ്ധയിൽപ്പെട്ട സമിതി എല്ലാ ഭാഗത്തും ചുറ്റുമതിൽ ഇല്ലാത്തതിന്റെ കാരണം ആരാഞ്ഞു. എട്ട് ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന സ്കൂളിന് 105 മീറ്റർ നീളത്തിൽ മാത്രമാണ് മതിലുള്ളതെന്നും, സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ സംബന്ധിച്ച തർക്കം നിലനിൽക്കുന്നതിനാൽ അതിർത്തി നിർണ്ണയിക്കാൻ കഴിയുന്നില്ലെന്നും, ഹയർ സെക്കന്ററി ബ്ലോക്ക് പുറമ്പോക്ക് ഭൂമിയിൽ സ്ഥിതി ചെയ്യുന്നുവെന്നാണ് എതിർകക്ഷികൾ വാദിക്കുന്നതെന്നും, സ്കൂൾ കോമ്പൗണ്ടിനുള്ളിൽകൂടി രണ്ടു മൂന്ന് കുടുംബങ്ങൾ വഴിനടക്കുന്നുവെന്നും അതിർത്തി നിർണ്ണയിച്ചെങ്കിൽ മാത്രമേ ചുറ്റുമതിൽ കെട്ടാൻ കഴിയുകയുള്ളൂവെന്നും, കിഴുക്കാംതൂക്കായ പ്രദേശമായതിനാൽ സ്കൂൾ സ്ഥിതി ചെയ്യുന്ന എട്ട് ഏക്കർ ശരിയായ വിധത്തിൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ലെന്നും സ്കൂൾ അധികൃതർ സമിതിയെ ബോധിപ്പിച്ചു. പെൺകുട്ടികൾ മാത്രം

താമസിക്കുന്നതും ഹോസ്റ്റലുകൾ ഉൾപ്പെടുന്നതുമായ സ്കൂളിൽ ചുറ്റുമതിൽ ഇല്ലാതിരിക്കുന്നതും, അന്യരായ ആൾക്കാർ സ്കൂൾ കോമ്പൗണ്ടിലൂടെ വഴിനടക്കുന്നതും കുട്ടികളുടെ സുരക്ഷിതത്വത്തെ ബാധിക്കുമെന്ന് സമിതി ചൂണ്ടിക്കാണിച്ചു. ആയതിനാൽ സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം സ്കൂൾ കോമ്പൗണ്ടിലൂടെ വഴിനടക്കുന്ന കുടുംബങ്ങൾക്ക് മറ്റു പൊതുവഴി ലഭ്യമല്ലെങ്കിൽ ചുറ്റുമതിലിനോട് ചേർന്ന് പുറമെ വഴി കൊടുക്കേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു. അതുപോലെ രാത്രികാലങ്ങളിൽ സ്കൂളിനും അന്തേവാസികളായ കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി സെക്യൂരിറ്റി ഗാർഡുകളുടെ അധിക തസ്തികകൾ സൃഷ്ടിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

17. സ്കൂളിന് ആവശ്യമായ കുടിവെള്ളം ലഭ്യമാകുന്നില്ലെന്ന് സമിതിയുടെ തെളിവെടുപ്പ് വേളയിൽ സ്കൂൾ അധികൃതരും കുട്ടികളും സമിതിയെ അറിയിക്കുകയുണ്ടായി. ആയതിനാൽ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന്റെ ഭാഗമായി സ്കൂൾ വളപ്പിൽ അടിയന്തിരമായി ഒരു കിണർ കുഴിക്കുന്നതിനും കിണർജലം സംഭരിച്ച് വിതരണം നടത്തുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

18. ഹോസ്റ്റൽ സന്ദർശിച്ചതിൽനിന്നും, കുട്ടികളുടെ ഡോർമിറ്ററിയിൽ ആവശ്യത്തിനുള്ള കബോർഡ് ഇല്ലെന്നും, ഡോർമിറ്ററിയുടെ തറ പലയിടത്തും സിമന്റ് ഇളകികിടക്കുന്നതും ശ്രദ്ധയിൽപ്പെട്ടു. ആയതിനാൽ കുട്ടികളുടെ ഡോർമിറ്ററിയിൽ ആവശ്യത്തിനുള്ള കബോർഡ് പണി കഴിപ്പിക്കണമെന്നും എല്ലാ ഡോർമിറ്ററിയും ടൈൽസ് പാകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**മോഡൽ റസിഡൻഷ്യൽ സ്കൂൾ, പരവനടുക്കം, കാസർഗോഡ്**

19. കാസർഗോഡ് ജില്ലയിലെ പരവനടുക്കത്ത് പത്തേക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഈ സ്കൂളിൽ അഞ്ചാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെയുള്ള ക്ലാസ്സുകളിലെ 350 പെൺകുട്ടികളാണ് താമസിച്ചു പഠിക്കുന്നത്. വളരെ മെച്ചപ്പെട്ട സൗകര്യങ്ങളുള്ള ഈ സ്കൂളിലെ കുട്ടികൾക്ക് ഷൂസ്, സോക്സ്, ബെൽറ്റ്, ചപ്പൽ എന്നിവ സ്കൂളിൽ നിന്നു തന്നെ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ മെനു അനുസരിച്ച് തന്നെ നല്ല ഭക്ഷണവും കൊടുക്കുന്നുണ്ട്. സ്കൂളിലെ പ്ളസ് ടു വിദ്യാർത്ഥിനികൾക്കായി പുതിയ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് ഉത്തരവായെന്നും സ്കൂൾ അധികൃതർ സമിതിയെ അറിയിച്ചു. സ്കൂളിൽ യോഗ ക്ലാസ്സ്, ബാറ്റ്മിന്റൺ കളിക്കുന്നതിനുള്ള സൗകര്യം, ജേഴ്സി, സൈക്കിൾ, സ്പോർട്സ് കിറ്റ് എന്നിവ ലഭ്യമാക്കിയാൽ അത് കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുവാൻ ഉതകുമെന്ന് സമിതി കരുതുന്നു.

**മോഡൽ റസിഡൻഷ്യൽ സ്കൂൾ, വടശ്ശേരിക്കര, പത്തനംതിട്ട**

20. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഈ സ്കൂളിൽ അഞ്ച് മുതൽ ഹയർ സെക്കന്ററി വരെ ക്ലാസ്സുകളിൽ 183 ആൺകുട്ടികൾ പഠിക്കുന്നുണ്ട്. ഹെഡ്മാസ്റ്റർ സ്കൂൾ പരിസരത്തുതന്നെ താമസിക്കുന്നുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളിൽ അദ്ധ്യാപകർ സ്കൂളിൽതന്നെ താമസിക്കണമെന്ന് നിയമം ഉണ്ടെങ്കിലും ക്വാർട്ടേഴ്സ് ഇല്ലാത്തതിനാൽ അദ്ധ്യാപകർ അടക്കമുള്ള മറ്റ് ജീവനക്കാർ സ്കൂളിൽ താമസിക്കുന്നില്ല. അഡ്വൈസറി കമ്മിറ്റിയും മാനേജ്മെന്റ് കമ്മിറ്റിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും

ഭരണസമിതിയും നടപ്പു അദ്ധ്യയന വർഷത്തിൽ ചേർന്നിട്ടില്ലെന്നും സ്കൂളിൽ ഒന്നേകാൽ കോടി രൂപയുടെ മെയിന്റനൻസ് വർക്ക് നടക്കുന്നുണ്ടെന്നും സന്ദർശനവേളയിൽ സമിതി മനസ്സിലാക്കി. ഭക്ഷണം ആവശ്യത്തിനു ലഭിക്കുന്നില്ലെന്നും മെനു പരിഷ്ക്കരിക്കണമെന്നും, ഷൂസ്, സോക്സ്, കിടക്കാൻ ബെഡ് എന്നിവ ലഭ്യമാക്കണമെന്നും കുട്ടികൾ ആവശ്യപ്പെട്ടു. കൂടാതെ സ്കൂൾ ഗ്രൗണ്ട് മെച്ചപ്പെടുത്തണമെന്നും, സ്പോർട്സ് കിറ്റ് വേണമെന്നും വിദ്യാർത്ഥികൾ ആവശ്യപ്പെട്ടു.

21. പ്രസ്തുത സ്കൂളിൽ പ്ലസ് ടു-വിന് ഹ്യൂമാനിറ്റീസ് ബാച്ച് മാത്രമേയുള്ളൂ എന്നും കഴിഞ്ഞ വർഷം പ്ലസ് ടു-വിന് പരീക്ഷയെഴുതിയ 32 വിദ്യാർത്ഥികളിൽ 27 പേർ മാത്രമാണ് പാസ്സായതെന്നും പരാജയപ്പെട്ട 5 വിദ്യാർത്ഥികൾ സേ പരീക്ഷ എഴുതിയെങ്കിലും 3 പേർ മാത്രമാണ് പാസ്സായതെന്നും സമിതി മനസ്സിലാക്കി.

**മോഡൽ റസിഡൻഷ്യൽ സ്കൂൾ, പുനലൂർ, കുളത്തൂപ്പുഴ**

22. അഞ്ചാം ക്ലാസ്സു മുതൽ പത്താം ക്ലാസ്സു വരെയുള്ള 155 ആൺകുട്ടികളാണ് കുളത്തൂപ്പുഴയുള്ള ഈ എം.ആർ.എസ്-ലുള്ളത്. സ്കൂളിൽ നിലവിൽ 210 പേർക്ക് താമസിക്കാനുള്ള സൗകര്യമുണ്ടെന്നും, ദിവസവേതനക്കാരായ അദ്ധ്യാപകരാണ് സ്കൂളിൽ താമസിക്കുന്നതെന്നും അദ്ധ്യാപകരുടെ ക്വാർട്ടേഴ്സ് നിർമ്മാണം പൂർത്തിയായാൽ സ്ഥിര അദ്ധ്യാപകർ സ്കൂളിൽതന്നെ താമസിക്കുമെന്നും, നൂറ് ശതമാനം വിജയം സ്കൂളിനുണ്ടെന്നും ഹോസ്റ്റലിലെ കുട്ടികൾക്ക് ട്യൂഷൻ, എക്സ്ട്രാ ക്ലാസ് എന്നിവ നൽകുന്നുണ്ടെന്നും, അടുത്ത അദ്ധ്യയനവർഷം മുതൽ പ്ലസ് ടു കോമേഴ്സ് ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടെന്നും സ്കൂൾ അധികൃതർ സമിതിയെ അറിയിച്ചു. പ്രസ്തുത സ്കൂളിൽ കായിക രംഗത്ത് മികവ് പുലർത്തുന്ന കുട്ടികൾ ഉള്ളതിനാൽ ആധുനിക സൗകര്യങ്ങൾ ഉള്ള ഗ്രൗണ്ട് അനിവാര്യമാണെന്ന് ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർ സമിതിയെ അറിയിച്ചു. പ്രസ്തുത സ്കൂളിലെ ലൈബ്രറിയും സയൻസ് ലാബും പ്രവർത്തനസജ്ജമാക്കണമെന്ന് വിദ്യാർത്ഥികൾ ആവശ്യപ്പെട്ടു.

**മോഡൽ റസിഡൻഷ്യൽ സ്കൂൾ, മൂന്നാർ**

23. മൂന്നാറിലെ മോഡൽ റസിഡൻഷ്യൽ സ്കൂളിനോടനുബന്ധിച്ചുള്ള ഹോസ്റ്റലിന് ചുറ്റുമതിൽ ഇല്ലാത്തതിനാൽ പരിസരത്തുള്ള വളർത്തുമൃഗങ്ങൾ ഗ്രൗണ്ടിനുള്ളിൽ പ്രവേശിക്കുന്നുണ്ടെന്നും വോളിബോൾ കോർട്ടിലെ നെറ്റ് കേടുപാടുള്ളതാണെന്നും, ഡൈനിംഗ് ഹാളിൽ വെളിച്ചത്തിന്റെ കുറവുണ്ടെന്നും കുട്ടികൾ പരാതിപ്പെട്ടു. ഡൈനിംഗ് ഹാളിലെ ഫ്യൂസായ ലൈറ്റ് പുതുക്കി സ്ഥാപിക്കുന്നതിനും ക്യാന്റീൻ ജീവനക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ചപ്പാത്തി ഉണ്ടാക്കുന്നതിനുള്ള മെഷീൻ വാങ്ങുന്നതിനും കുട്ടികൾക്ക് കൗൺസിലിംഗ് നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സമിതി നിർദ്ദേശം നൽകി.

24. വിവിധ ജില്ലകളിലെ എം.ആർ.എസ്സുകളിൽ സന്ദർശനം നടത്തിയതിന്റെയും എം.ആർ.എസ്സിലെ വിദ്യാർത്ഥികളുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും ചർച്ച നടത്തിയതിന്റെയും അടിസ്ഥാനത്തിൽ എം.ആർ.എസ്സുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് അനിവാര്യമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ട ഏതാനും ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

25. സുസജ്ജമായ കളിസ്ഥലങ്ങളുടെ അഭാവം സംബന്ധിച്ച പരാതി ഒട്ടുമിക്ക സ്കൂളുകളിൽനിന്നും ഉയർന്നുവരികയുണ്ടായി. ആയതിനാൽ കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായകരമാകത്തക്കവിധം സ്വന്തമായി കെട്ടിടം ഉള്ള എല്ലാ എം.ആർ.എസ്സ്.കളിലും മേന്മയുള്ള കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

26. എം.ആർ.എസുകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ഹോസ്റ്റലിൽ നിലവിലുള്ള റസിഡന്റ് ട്യൂട്ടർമാർക്ക് പുറമെ എം.ആർ.എസ്.കൾ സ്ഥിതി ചെയ്യുന്ന സമീപ പ്രദേശത്തുള്ള തൊഴിൽരഹിത പട്ടികജാതി/പട്ടികവർഗ്ഗക്കാരായ ബിരുദധാരികളെ ഓണറേറിയം വ്യവസ്ഥയിൽ നിയമിച്ച് വിദ്യാർത്ഥികൾക്ക് ട്യൂഷൻ സംവിധാനം ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ തൊഴിൽരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ ബിരുദധാരികളെ ഓണറേറിയം വ്യവസ്ഥയിൽ നിയമിച്ച് വിദ്യാർത്ഥികൾക്ക് ട്യൂഷൻ സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

27. എം.ആർ.എസ്.കളുടെ അക്കാഡമിക നിലവാരവും മറ്റുള്ള പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിക്കപ്പെട്ടിട്ടുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ എം.ആർ.എസ്. വിദ്യാർത്ഥികളുടെ ഒരു രക്ഷിതാവിനെയോ ഒരു പി.ടി.എ. പ്രസിഡന്റിനേയോ പ്രതിനിധിയേയോ ഉൾപ്പെടുത്തുന്നത്, സ്ഥാപനത്തിന് ഹിതകരമല്ലാത്ത കാര്യങ്ങൾ യഥാസമയം ചൂണ്ടിക്കാണിക്കുന്നതിനും, സ്ഥാപനത്തിന്റെ വളർച്ചയ്ക്കും സുതാര്യതയ്ക്കും ഉപകരിക്കും എന്നതിനാൽ പി.ടി.എ. അംഗത്തെകൂടി പ്രസ്തുത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് സമിതി വിലയിരുത്തി. അതിനാൽ എല്ലാ എം.ആർ.എസ്സുകളുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഒരു പി.ടി.എ. അംഗത്തെകൂടി നോമിനേറ്റ് ചെയ്യാൻ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

28. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള രണ്ട് എം.ആർ.എസ്സ്.കളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഒരു എം.ആർ.എസ്സും വാടകകെട്ടിടത്തിലും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 6 എം.ആർ.എസുകൾ താൽക്കാലിക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. വാടക കെട്ടിടത്തിലും താല്ക്കാലിക കെട്ടിടത്തിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ തീരെ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി എം.ആർ.എസ്സുകൾ പ്രവർത്തിക്കാൻ താൽക്കാലിക/വാടക കെട്ടിടങ്ങൾ ഉപയോഗിക്കുന്നതിലൂടെ വാടകയിനത്തിലും അറ്റകുറ്റപ്പണികളിലും സർക്കാരിനുണ്ടാകുന്ന ഭീമമായ നഷ്ടം ഒഴിവാക്കാൻ സ്ഥിരമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു. കൂടാതെ പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ യാത്രാ സൗകര്യം, ജലലഭ്യത, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുള്ള സ്ഥലങ്ങൾ തെരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

29. ഉൾപ്രദേശങ്ങളിൽ പ്രവർത്തിച്ചു വരുന്ന എം.ആർ.എസുകളിലെ അന്തേവാസികൾക്ക് യാത്രാ സൗകര്യം അനിവാര്യമായതിനാൽ സ്വന്തമായി വാഹനം ഇല്ലാത്ത എല്ലാ എം.ആർ.എസ്സ്.കളിലും അടിയന്തിരമായി ഓരോ വാഹനമെങ്കിലും വാങ്ങി നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

30. കൂടാതെ പ്ളസ് ടു കോഴ്സ് അനുവദിക്കാത്ത എല്ലാ എം.ആർ.എസ്.-കളിലും പ്രസ്തുത കോഴ്സ് അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. എം.ആർ.എസ്.-കളിൽ കുട്ടികളെ പഠിപ്പിക്കുന്നതിനായി അദ്ധ്യാപകരെ നിയോഗിക്കുന്നത് പൊതുവിദ്യാഭ്യാസ വകുപ്പാണ്. അതിൻപ്രകാരം അദ്ധ്യാപകരുടെ നിയന്ത്രണം പൊതുവിദ്യാഭ്യാസ വകുപ്പിനായതിനാൽ പഠിപ്പിക്കാൻ നിയോഗിക്കപ്പെടുന്ന അദ്ധ്യാപകരുടെ മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് യാതൊരു നിയന്ത്രണവുമില്ലാത്ത ഒരു സ്ഥിതിവിശേഷം നിലനിൽക്കുന്നു. വിജ്ഞാനം പകർന്നുകൊടുക്കുകയും തന്റെ വ്യക്തിവൈശിഷ്ട്യംകൊണ്ട് വിദ്യാർത്ഥിയെ നേരിട്ട് സ്വാധീനിക്കുകയും ചെയ്യുന്ന അദ്ധ്യാപകർ സാമ്പത്തികവും സാമൂഹ്യമായും പിന്നോക്കംനിൽക്കുന്ന കുട്ടികളെ പഠിപ്പിച്ച് സമൂഹത്തിന്റെ മുൻപന്തിയിൽ എത്തിക്കുക എന്ന മഹത്തായ ഒരു കർമ്മമാണ് നിർവ്വഹിച്ചുവരുന്നത്. അതിന് അർപ്പണബോധവും സേവനസന്നദ്ധതയുമുള്ള അദ്ധ്യാപകർ ഉണ്ടാകേണ്ടത് ആവശ്യമായതിനാൽ എം.ആർ.എസ്സുകളിൽ പഠിപ്പിക്കാൻ നിയോഗിക്കുന്ന അദ്ധ്യാപകരെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരുന്നതു സംബന്ധിച്ച നിർദ്ദേശം പരിശോധനാവിധേയമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

31. എം. ആർ. എസ്സുകളിൽ നിന്ന് പത്താം ക്ലാസ്സോ ഹയർ സെക്കൻഡറിയോ കഴിഞ്ഞ് പുറത്തിറങ്ങുന്ന കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ വകുപ്പുതലത്തിൽ ശേഖരിച്ച് തുടർ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾകൂടി ഏർപ്പെടുത്തിക്കൊടുത്തെങ്കിൽ മാത്രമേ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനവിഭാഗങ്ങളെ സ്വയം പര്യാപ്തരാകത്തക്കവിധത്തിൽ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാൻ സാധിക്കുകയുള്ളൂയെന്ന് സമിതി വിശ്വസിക്കുന്നു. ആയതിനാൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾ, സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിക്കുന്ന കുട്ടികൾക്ക് പ്രൊമോട്ടർമാരുടെയോ സോഷ്യൽ ആക്ടിവിസ്റ്റുകളുടെയോ സഹായത്തോടെ തുടർവിദ്യാഭ്യാസം ചെയ്യുന്നതിനുള്ള സഹായവും സൗകര്യങ്ങളും ഏർപ്പെടുത്തുവാൻ ആവശ്യമായ പദ്ധതികൾകൂടി ആവിഷ്കരിച്ചു നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. എങ്കിൽമാത്രമേ ഈ മഹത്തായ പ്രവർത്തനങ്ങൾക്ക് അത് വിഭാവനംചെയ്ത രീതിയിലുള്ള ഒരു ഫലസിദ്ധി പ്രാപ്തമാവുകയുള്ളൂ എന്ന് സമിതി വിശ്വസിക്കുന്നു.

വി. പി. സജീന്ദ്രൻ,
*ചെയർമാൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി.*

തിരുവനന്തപുരം,
2014 ജനുവരി 13.

അനുബന്ധം 1

| ക്രമ നമ്പർ | സമിതിയുടെ ശിപാർശകളും/നിർദ്ദേശങ്ങളും | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കുട്ടികളോടൊപ്പം അദ്ധ്യാപകർ താമസിക്കണമെന്ന നിബന്ധന കർശനമായി പാലിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 13 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 2 | മെയിന്റനൻസ് പണി യഥാസമയം ചെയ്യിപ്പിക്കുന്നതിനുള്ള വീഴ്ച ഉണ്ടായത് ആരുടെ ഭാഗത്താണെന്ന് കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 14 | ,, |
| 3 | സ്കൂളിന്റെ മെയിന്റനൻസ് അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 14 | ,, |
| 4 | ലൈബ്രറി കെട്ടിടത്തിന്റെ പണി അടിയന്തിരമായി പൂർത്തിയാക്കാൻ പൊതുമരാമത്ത് വകുപ്പ് പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 14 | ,, |
| 5 | ഹയർ സെക്കന്ററി തലത്തിലുള്ള വിദ്യാർത്ഥികൾക്കായി പ്രത്യേക ഹോസ്റ്റലും മറ്റ് അനുബന്ധ സൗകര്യങ്ങളും അടിയന്തിരമായി നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 15 | ,, |
| 6 | സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 16 | ,, |
| 7 | സ്കൂൾ കോമ്പൗണ്ടിലൂടെ വഴിനടക്കുന്ന കുടുംബങ്ങൾക്ക് മറ്റു പൊതുവഴി ലഭ്യമല്ലെങ്കിൽ ചുറ്റുമതിലിനോട് ചേർന്ന് പുറമെ വഴി കൊടുക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. | 16 | ,, |
| 8 | രാത്രികാലങ്ങളിൽ സ്കൂളിനും അന്തേവാസികളായ കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി സെക്യൂരിറ്റി ഗാർഡുകളുടെ അധിക തസ്തികകൾ സൃഷ്ടിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 16 | ,, |

| (1) | (2) | (3) | (4) |
|---|---|---|---|
| 9 | കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന്റെ ഭാഗമായി സ്കൂൾവളപ്പിൽ അടിയന്തിരമായി ഒരു കിണർ കുഴിക്കുന്നതിനും കിണർജലം സംഭരിച്ച് വിതരണം നടത്തുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 17 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 10 | കുട്ടികളുടെ ഡോർമിറ്ററിയിൽ ആവശ്യത്തിനുള്ള കബോർഡ് പണി കഴിപ്പിക്കണമെന്നും എല്ലാ ഡോർമിറ്ററികളിലും ടൈൽസ് പാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 18 | ,, |
| 11 | കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായകരമാകത്തക്കവിധം സ്വന്തമായി കെട്ടിടം ഉള്ള എല്ലാ എം.ആർ.എസ്സ്.-കളിലും മേന്മയുള്ള കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 25 | ,, |
| 12 | തൊഴിൽരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ ബിരുദധാരികളെ ഓണറേറിയം വ്യവസ്ഥയിൽ നിയമിച്ച് വിദ്യാർത്ഥികൾക്ക് ട്യൂഷൻ സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 26 | ,, |
| 13 | എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഒരു പി.ടി.എ. അംഗത്തെക്കൂടി നോമിനേറ്റ് ചെയ്യാൻ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 27 | ,, |
| 14 | എം.ആർ.എസ്സുകൾ പ്രവർത്തിക്കാൻ താൽക്കാലിക/ വാടക കെട്ടിടങ്ങൾ ഉപയോഗിക്കുന്നതിലൂടെ വാടക യിനത്തിലും അറ്റകുറ്റപ്പണികളിലും സർക്കാരിനുണ്ടാകുന്ന ഭീമമായ നഷ്ടം ഒഴിവാക്കാൻ സ്ഥിരമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 28 | ,, |
| 15 | പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ യാത്രാ സൗകര്യം, ജലലഭ്യത, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുള്ള സ്ഥലങ്ങൾ തെരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | 28 | ,, |
| 16 | സ്വന്തമായി വാഹനം ഇല്ലാത്ത എല്ലാ എം.അർ.എസ്സ്.-കളിലും അടിയന്തിരമായി ഓരോ വാഹനമെങ്കിലും വാങ്ങിനൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 29 | ,, |

| (1) | (2) | (3) | (4) |
|---|---|---|---|
| 17 | പ്ളസ് ടു കോഴ്സ് അനുവദിക്കാത്ത എല്ലാ എം.ആർ.എസ്.-കളിലും പ്രസ്തുത കോഴ്സ് അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 30 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 18 | എം.ആർ.എസ്സുകളിൽ പഠിപ്പിക്കാൻ നിയോഗിക്കുന്ന അദ്ധ്യാപകരെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടു വരുന്നതു സംബന്ധിച്ച നിർദ്ദേശം പരിശോധനാ വിധേയമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 30 | ,, |
| 19 | പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾ, സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിക്കുന്ന കുട്ടികൾക്ക് പ്രൊമോട്ടർമാരുടെയോ സോഷ്യൽ ആക്ടിവിസ്റ്റു കളുടെയോ സഹായത്തോടെ തുടർവിദ്യാഭ്യാസം ചെയ്യുന്നതിനുള്ള സഹായവും സൗകര്യങ്ങളും ഏർപ്പെടുത്തുവാൻ ആവശ്യമായ പദ്ധതികൾകൂടി ആവിഷ്കരിച്ചു നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 31 | ,, |

അനുബന്ധം 2

## കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ റസിഡൻഷ്യൽ സൊസൈറ്റി നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ (ഖണ്ഡിക നമ്പർ 5)

| *ക്രമ നമ്പർ* | *തസ്തികയുടെ പേര്* | *എണ്ണം* | *നിയമനരീതി* | *നിയമിക്കപ്പെട്ടിരിക്കുന്നത്* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| **ടീച്ചിംഗ് സ്റ്റാഫ് ഹൈസ്കൂൾ** | | | | |
| 1 | ഹെഡ്മാസ്റ്റർ | 1 | പൊതുവിദ്യാഭ്യാസം അഡീഷണൽ ടു കേഡർ | അഡീഷണൽ ടു കേഡർ |
| 2 | സോഷ്യൽ സയൻസ് | 1 | ,, | ,, |
| 3 | മാത്സ് | 1 | ,, | ,, |
| 4 | മലയാളം | 1 | ,, | ,, |
| 5 | ഹിന്ദി | 1 | ,, | ,, |
| 6 | ഫിസിക്സ് സയൻസ് | 1 | ,, | കോൺട്രാക്ട് വ്യവസ്ഥയിൽ |
| 7 | ഇംഗ്ലീഷ് | 1 | ,, | ,, |
| 8 | ബയോളജി | 1 | ,, | ,, |
| 9 | മ്യൂസിക് | 1 | ,, | ,, |
| **ടീച്ചിംഗ് സ്റ്റാഫ് ഹയർ സെക്കന്ററി** | | | | |
| 1 | പ്രിൻസിപ്പൽ | 1 | പൊതുവിദ്യാഭ്യാസം അഡീഷണൽ ടു കേഡർ | അഡീഷണൽ ടു കേഡർ |
| 2 | ജിയോഗ്രാഫി | 1 | ,, | ,, |
| 3 | മലയാളം | 1 | ,, | ,, |
| 4 | പൊളിറ്റിക്സ് | 1 | ,, | ,, |
| 5 | ഇംഗ്ലീഷ് | 1 | ,, | കോൺട്രാക്ട് വ്യവസ്ഥയിൽ |
| 6 | എക്കണോമിക്സ് | 1 | ,, | ,, |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| **നോൺ ടീച്ചിംഗ് സ്റ്റാഫ് കോച്ചസ്** | | | | |
| 1 | അത്‌ലറ്റിക് കോച്ച് | 1 | പൊതുവിദ്യാഭ്യാസം അഡീഷണൽ ടു കേഡർ | സ്പോർട്സ് കൗൺസിൽ |
| 2 | അത്‌ലറ്റിക് കോച്ച് | 1 | ,, | ദിവസവേതനത്തിൽ |
| 3 | ജിംനാസ്റ്റിക് കോച്ച് | 1 | ,, | സ്പോർട്സ് കൗൺസിൽ |
| 4 | ഫുഡ്ബോൾ കോച്ച് | 1 | ,, | ,, |
| 5 | ഫ്റസ്ഫ്ലാറ്റിംഗ് കോച്ച് | 1 | ,, | ,, |
| 6 | ജൂഡോ കോച്ച് | 1 | ,, | ദിവസവേതനത്തിൽ |
| 7 | തായ്കോണ്ട കോച്ച് | 1 | സ്പോർട്സ് യൂത്ത് അഫയേഴ്സ് | സ്പോർട്സ് യൂത്ത് അഫയേഴ്സ് |
| **ഓഫീസ്/ഹോസ്റ്റൽ ജീവനക്കാർ** | | | | |
| 1 | സീനിയർ സൂപ്രണ്ട് | 1 | പട്ടികജാതി വകുപ്പിൽ നിന്നും പുനർവിന്യാസം/ നേരിട്ടുള്ള നിയമനം | പുനർവിന്യാസം |
| 2 | യു.ഡി. ക്ലാർക്ക് | 1 | ,, | ,, |
| 3 | ഓഫീസ് അറ്റൻഡന്റ് | 2 | ,, | ,, |
| 4 | മെയിൽ വാർഡൻ | 1 | ,, | ദിവസവേതനത്തിൽ |
| 5 | ഫീമെയിൽ വാർഡൻ | 1 | ,, | ,, |
| 6 | ആയ | 1 | ,, | പുനർവിന്യാസം |
| 7 | ആയ | 1 | ,, | ദിവസവേതനത്തിൽ |

313/2014.

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 8 | റസിഡന്റ് ട്യൂട്ടർ | 1 | പട്ടികജാതി വകുപ്പിൽ നിന്നും പുനർവിന്യാസം/ നേരിട്ടുള്ള നിയമനം | കോൺട്രാക്ട് വ്യവസ്ഥയിൽ |
| 9 | സ്പോർട്സ് ഓഫീസർ | 1 | പൊതുവിദ്യാഭ്യാസ ത്തിൽ നിന്നും ഡെപ്യൂട്ടേഷൻ | പൊതുവിദ്യാഭ്യാസ ത്തിൽ നിന്നും ഡെപ്യൂട്ടേഷൻ |
| 10 | ലാബ് അറ്റന്റർ | 1 | നേരിട്ടുള്ള നിയമനം | ദിവസവേതനത്തിൽ |
| 11 | കുക്ക് | 10 | കോൺട്രാക്ട് അടിസ്ഥാനത്തിൽ/ പുനർവിന്യാസം | 2-പുനർവിന്യാസം 7-ദിവസവേതന ത്തിൽ 1-കോൺട്രാക്ട് വ്യവസ്ഥയിൽ |
| 12 | വാച്ച്മാൻ | 3 | നേരിട്ടുള്ള നിയമനം | 3-ദിവസവേതന ത്തിൽ |
| 13 | എഫ്.റ്റി.എസ്. | 2 | പാർട്ട്ടൈം സ്വീപ്പറിൽ നിന്നും പ്രൊമോഷൻ | നിലവിലുണ്ട് |
| 14 | പി.റ്റി.എസ്. | 4 | നേരിട്ടുള്ള നിയമനം | നിലവിലുണ്ട് |
| | ആകെ | 30 | | |